കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **224/2026** തീയതി : **27/10/2026**

പത്രക്കുറിപ്പ്

പരീക്ഷാഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2026 മെയിൽ നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ ബിഎ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2026 നവംബർ 03 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ടൈംടേബിൾ

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബിഎ/ബിഎസ്സി/ബികോം, ജൂലൈ 2026 (മേഴ്സി ചാൻസ് - 2010, 2011 & 2012 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ഡിസംബർ 08 ന് ആരംഭിക്കുന്ന ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തെരഞ്ഞെടുപ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ്സ് യൂണിയൻ 2026-27 തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരള സർവകലാശാല സ്റ്റുഡന്റ് കെയർ സ്കീം ഇൻഷ്വറൻസ് ക്ലെയിം തുകകൾ വിതരണം ചെയ്തു

കേരള സർവകലാശാലയുടെ സ്റ്റുഡന്റ് കെയർ സ്കീം (Student Care Scheme - SCS) ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി അനുവദിച്ച ക്ലെയിം തുകകൾ 2026 ഒക്ടോബർ 24 ന് പി.എം.ജി.യിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസിൽ വച്ച് വിതരണം ചെയ്തു.

പഠനകാലയളവിൽ മരണപ്പെടുന്ന വിദ്യാർഥികളുടെ നിയമാവകാശികളിൽ നിന്നും, അപകടങ്ങളിൽപ്പെടുന്നതും അസുഖബാധിതരോ ആയ വിദ്യാർഥികളിൽ

നിന്നുമുള്ള അർഹരായവർക്ക് സാമ്പത്തിക സഹായം ഉറപ്പാക്കുന്ന സർവകലാശാലയുടെ ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതിയാണ് സ്റ്റുഡന്റ് കെയർ സ്കീം.

ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ് ഡയറക്ടർ ഡോ. മനു റ്റി. ക്ലെയിം തുക വിതരണത്തിന് നേതൃത്വം നൽകി.

വന്ദന മോഹൻദാസ്
പബ്ലിക് റിലേഷൻസ് ഓഫീസർ
E-mail: ku.release@keralauniversity.ac.in